# ലാൻഡ് റവന്യൂ വകുപ്പ് ദർശന രേഖ - 2031


ആമുഖം 1

റവന്യൂ ഭരണ ചരിത്രം 3

കേരള മാതൃകയെ സൃഷ്ടിച്ച ഭൂപരിഷ്കരണം 5

മാറുന്ന ഭൂവിനിയോഗം 6

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ 7

എല്ലാ സേവനങ്ങളും സ്മാർട്ട് 8

ഭൂമി ഏറ്റെടുക്കൽ വികസനത്തിന്റെ ചാലക ശക്തി 8

വിഷൻ 2031 8

അന്തിമ ഭൂ ഉടമസ്ഥത നിശ്ചയത്തിലേക്കുള്ള (Conclusive title) യാത്ര 10

ഭൂപരിഷ്കരണ നിയമത്തിലെ പരിഷ്കരണം 12

ഭൂമി എന്ന അവകാശം 13

ഭൂസംരക്ഷണവും സുസ്ഥിര വിഭവ പരിപാലനവും 14

സ്റ്റേറ്റ് ലാൻഡ് ബാങ്ക് 16

ഭൂ വിനിയോഗം 17

തരം മാറ്റവും നെൽവയൽ തണ്ണീർ തട സംരക്ഷണവും 20

ഏകീകൃത ഭൂവിനിയോഗ കോഡ് 21

എന്റെ ഭൂമി : സംയോജിത ഭൂ ഭരണം ഡിജിറ്റൽ രൂപത്തിൽ 22

റവന്യൂ ഇ-സാക്ഷരത മിഷൻ 24

അഴിമതി നിർമ്മാർജ്ജനം 25

പരിശീലനവും നവീകരിക്കലും 26

## ആമുഖം

2031-ൽ കേരള സംസ്ഥാനം രൂപീകൃതമായതിന്റെ വജ്ര ജൂബിലിയാണ്. ഈ സുപ്രധാനമായ നാഴികക്കല്ലിനോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ കഴിഞ്ഞ കാലയളവിലെ സമഗ്രമായ വളർച്ചയെ വിലയിരുത്തുന്നതിനും, ഭാവി വികസന പദ്ധതികൾക്ക് വ്യക്തമായ രൂപരേഖ നൽകുന്നതിനും, ***'2031-ലെ കേരളം എങ്ങനെയായിരിക്കണം'*** എന്നതിനെക്കുറിച്ച് വിപുലമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സർക്കാർ മുൻകൈ എടുത്തിരിക്കുകയാണ്.

ഈ ലക്ഷ്യത്തോടെ, പൊതുജനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിനായി, 2025 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തുടനീളം 33 വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ നടത്തുകയുണ്ടായി. ഓരോ വിഷയത്തിലും ലഭിച്ച വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് വികസ്വര കേരളത്തിന്റെ ഭാവിയിലേക്കുള്ള സമഗ്രമായ പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കർമ്മരേഖയാണിത്.

കേരള സർക്കാരിന്റെ ഭരണ സംവിധാനത്തിൽ ജനങ്ങളുടെ അടിസ്ഥാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പ്രധാന വകുപ്പാണ് റവന്യൂ വകുപ്പ്. ജനങ്ങളുടെ ഭൂമി, ജീവിതം, പരിസ്ഥിതി, എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ട് അവരുമായി ഏറ്റവും അടുത്ത് ഇടപെടുന്ന സർക്കാർ വകുപ്പായതിനാൽ, ഭരണത്തിന്റെ മുഖമായാണ് എക്കാലവും റവന്യൂ വകുപ്പ് അറിയപ്പെടുന്നത്. .

റവന്യൂ വകുപ്പ് സംസ്ഥാനത്ത് ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും മുഖ്യ ചുമതല വഹിക്കുന്നു — ഭൂനികുതി ഈടാക്കൽ, ഭൂമിയുടെ അതിർത്തി രേഖപ്പെടുത്തൽ, ഉടമസ്ഥാവകാശ സംരക്ഷണം, ഭൂമിയുടെ പതിവും പാട്ടവും , സർക്കാർ ഭൂമി പരിപാലനം, പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, സേവനവകുപ്പുകളുടെ പദ്ധതികൾക്ക് വേണ്ടിയുള്ള ഭൂമി കൈമാറ്റം, ദുരന്തനിവാരണം, നഷ്ടപരിഹാര വിതരണം, നിയമാനുസൃതമായ ഭൂമി തർക്ക പരിഹാരം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ സംസ്ഥാനത്ത് നടക്കുന്ന പ്രകൃതി ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും നേരിട്ട് പ്രതികരിക്കുന്നതിൽ റവന്യൂ വകുപ്പ് മുഖ്യകേന്ദ്രമായും പ്രവർത്തിക്കുന്നു.

വകുപ്പ് ഭരണരീതിയിലും സാങ്കേതികമേഖലയിലും റവന്യൂ വകുപ്പിൽ കാലാനുസൃതമായ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഭൂമിവിവരങ്ങൾ ഡിജിറ്റൽ ആക്കി, രേഖാമൂലമുള്ള ഇടപാടുകൾ ലളിതമാക്കുകയും, ReLIS, e-district, e-Office, Revenue e-Services Portal തുടങ്ങിയ പദ്ധതികൾ വഴി ജനങ്ങൾക്ക് ഭൂപരമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രക്രിയകളിലൂടെ റവന്യൂ വകുപ്പ് ജനകേന്ദ്രിതമായ, സുതാര്യമായ, കാര്യക്ഷമമായ ഭരണരീതി ലക്ഷ്യമാക്കി മുന്നേറുകയാണ്.

വിഷൻ 2031 വഴി, റവന്യൂ വകുപ്പ് ഭാവിയിലേക്കുള്ള ദിശയെ വ്യക്തമായി നിർണ്ണയിക്കുന്നു. ഡിജിറ്റൽ ഗവണ്മെന്റ്, സുസ്ഥിര ഭൂമിവ്യവസ്ഥ, പരിസ്ഥിതി സൗഹൃദ വികസനം, സാമൂഹിക നീതി, സ്ത്രീ-ദളിത്-ആദിവാസി പങ്കാളിത്തം ഉറപ്പാക്കൽ, പൗരപങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു സുസ്ഥിര റവന്യൂ സംവിധാനമാണ് ഈ ദർശനരേഖ ലക്ഷ്യമിടുന്നത്.

ഈ ദർശനരേഖ സംസ്ഥാനത്തിന്റെ സമഗ്ര വികസനദർശനവുമായി കൈകോർത്ത് ഭൂമിയെ ഒരു സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി വിഭവമായി സംരക്ഷിക്കുകയും, ഓരോ പൗരനും സുരക്ഷിതമായ ഭൂ സേവനങ്ങൾ അവകാശപരമായി ഉറപ്പാക്കുകയും ചെയ്യുന്ന ഭരണ സംവിധാനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തിയുള്ളതാണ്. “ജനങ്ങളോടൊപ്പം നീതി, ജനങ്ങൾക്കായി സേവനം” എന്ന തത്വം ആധാരമാക്കി, റവന്യൂ വകുപ്പിനെ സുതാര്യത, കാര്യക്ഷമത, സേവന മികവ്, ഉത്തരവാദിത്വം, പൗര വിശ്വാസം എന്നിവയുടെ സംയോജനമായി മാറ്റുകയാണ് അതിലൂടെ ലക്ഷ്യമിടുന്നത്.

### റവന്യൂ ഭരണ ചരിത്രം

മലയാള ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളെ ഏകീകരിച്ച് 1956 നവംബർ ഒന്നിനാണ് കേരള സംസ്ഥാനം രൂപീകൃതമായെങ്കിലും, ഈ മണ്ണിന്റെ ചരിത്രം സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ളതാണ്. ബി.സി. 3000-ത്തിൽ സുഗന്ധദ്രവ്യ വ്യാപാരത്തിലൂടെ ലോകശ്രദ്ധ നേടിയ ചേരരാജവംശത്തിന്റെ ഭാഗമായിരുന്നു ഈ ഭൂഭാഗം. പിൽക്കാല ചേര (കുലശേഖര) രാജാക്കന്മാർ (എ.ഡി. 800–1102) ഭാഷാപരവും സാംസ്കാരികവുമായ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ

നിർണായക പങ്ക് വഹിച്ചു. ഈ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം, കേരളം അനവധി നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പതിനഞ്ചാം നൂറ്റാണ്ടോടെ ആരംഭിച്ച പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് കൊളോണിയൽ ശക്തികളുടെ വരവും  സ്വാധീനവും കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ ഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തി. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം, തിരുവിതാംകൂറും കൊച്ചിയും ലയിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു. ഒടുവിൽ, ഭാഷാപരമായ ഐക്യത്തെ അടിസ്ഥാനമാക്കി, അന്നത്തെ മദ്രാസ് പ്രവിശ്യയിലെ മലബാർ ജില്ലയും തെക്കൻ കാനറയിലെ കാസർകോട് താലൂക്കും കൂട്ടിച്ചേർത്ത് കേരളം യാഥാർത്ഥ്യമായി.

പുരാതന കേരളത്തിൽ ബ്രാഹ്മണർ (ജന്മിമാർ) നിയന്ത്രിച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം പിന്നീട് ക്ഷേത്രങ്ങൾ (ദേവസ്വം), സർക്കാർ (പണ്ടാരവക), സ്വകാര്യ വ്യക്തികൾ എന്നിവർക്കിടയിൽ വിഭജിക്കപ്പെട്ടു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളിലെ ഭൂനിയമങ്ങൾ, ജന്മി-കുടിയാൻ ബന്ധങ്ങൾ, ഉടമസ്ഥാവകാശം എന്നിവയിൽ പ്രകടമായ വ്യത്യാസങ്ങൾ നിലനിന്നിരുന്നു.

- തിരുവിതാംകൂർ: 1865-ലെ പാട്ട  വിളംബരം, സർക്കാർ ഉടമസ്ഥതയിലുള്ള 'പണ്ടാരവക' ഭൂമി കർഷകർക്ക് സ്ഥിരമായ പാട്ടമായി നൽകി, ഇത് കർഷക ഉടമസ്ഥാവകാശത്തിന് അനുകൂലമായി. കേരളത്തിലെ ഭൂവുടമസ്ഥാവകാശ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്ന 1886-ലെ പണ്ടാരപ്പാട്ടവിളമ്പരം. ഈ നിയമം പണ്ടാരവക ഭൂമിയിലെ കുടിയാന്മാരുടെ അവകാശങ്ങളെ സമൂലമായി മാറ്റിമറിച്ചു. കർഷകർക്ക് അവർ കൈവശം വെച്ചിരുന്ന ഭൂമിയുടെ പൂർണ്ണ ഉടമസ്ഥാവകാശം നൽകുകയും, ഭൂമി വിൽപ്പന നടത്താവുന്നതും പാരമ്പര്യമായി കൈമാറ്റം ചെയ്യാവുന്നതുമായ സ്വത്താക്കി മാറ്റുകയും ചെയ്തു. കുടിയാന്മാരെ ഏകപക്ഷീയമായി ഒഴിപ്പിക്കുന്നതിന് ഈ നിയമം അന്ത്യം കുറിച്ചതോടെ, കർഷകർക്ക് സുരക്ഷിതത്വവും കാലപരിരക്ഷയും ലഭിച്ചു, ഇത് തുടർന്നുള്ള സുപ്രധാന ഭൂപരിഷ്കരണങ്ങൾക്ക് അടിത്തറയായി.1946-ലെ ഭൂനികുതി പ്രഖ്യാപനം ഏകീകൃത നിരക്കുകൾ കൊണ്ടുവന്ന് കുടിയാന്മാരുടെ അവകാശങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി.

- കൊച്ചി: തിരുവിതാംകൂറിന് സമാനമായ ജന്മി സമ്പ്രദായം നിലനിന്നിരുന്നെങ്കിലും, ഉപപാട്ടങ്ങൾ താരതമ്യേന കുറവായിരുന്നു, ഭരണപരമായ സങ്കീർണ്ണതയും കുറവായിരുന്നു.
- മലബാർ: മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന ഇവിടെ, ശക്തമായ സ്വകാര്യ ജന്മിത്വം നിലനിന്നു. കുടിയിറക്കൽ വ്യാപകമായി നടപ്പിലാക്കി. 1930-ലെ മലബാർ കുടിയാൻ നിയമം ചില അവകാശങ്ങളും ന്യായമായ വാടകയും ഉറപ്പാക്കിയെങ്കിലും, മൊത്തത്തിലുള്ള പരിഷ്കാരങ്ങൾ നാട്ടുരാജ്യങ്ങളേക്കാൾ പിന്നിലായിരുന്നു.

### കേരള മാതൃകയെ സൃഷ്ടിച്ച ഭൂപരിഷ്കരണം

കേരള ഭൂപരിഷ്കരണ നിയമം സംസ്ഥാനത്തിന്റെ സാമൂഹിക നീതിയുടെയും സാമ്പത്തിക പുന:സംഘടനയുടെയും ചരിത്രത്തിൽ നിർണായകമായ ഒരു നിയമമാണ്. ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യം ഭൂമിയുടെ ഉടമസ്ഥതയിൽ നിലനിന്നിരുന്ന അസമത്വം അവസാനിപ്പിക്കുകയും, കർഷകർക്ക് ഭൂമിയിൽ അവകാശം ഉറപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു. ഭൂപരിഷ്കരണ നിയമത്തിന് മുൻപ്, കേരളത്തിലെ കൃഷിയിടങ്ങൾ ഭൂരിപക്ഷവും ജന്മിമാരുടെ നിയന്ത്രണത്തിലായിരുന്നു. ഭൂരിഭാഗം കർഷകരും കുടിയാന്മാർ അല്ലെങ്കിൽ പാട്ടക്കാരൻമാർ എന്ന നിലയിൽ ജന്മിമാരുടെ ഭൂമിയിൽ കൃഷി ചെയ്യേണ്ടിവന്നു, അവർക്കു ഭൂമിയിൽ സ്ഥിരമായ ഉടമസ്ഥാവകാശം ഇല്ലായിരുന്നു. ഇത് സാമൂഹികമായ അസമത്വവും , സാമ്പത്തിക അനീതിയും രാഷ്ട്രീയ അസ്ഥിരതയും സൃഷ്ടിച്ചു . ഈ നിയമം കേരളത്തിലെ ഭൂമിസംബന്ധമായ സാമൂഹിക ഘടനയെ പൂർണ്ണമായും മാറ്റി. കുടിയാന്മാർക്കും ചെറുകർഷകർക്കും കർഷക തൊഴിലാളികളായ കുടികിടപ്പുകാർക്കും ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചതിലൂടെ സാമൂഹിക സമത്വവും ആത്മാഭിമാനവും വർദ്ധിച്ചു. ഭൂമിയുടെ പുനർവിതരണത്തോടെ ഉത്പാദന ബന്ധങ്ങൾ മാറി. ചെറുകർഷകർക്ക് സ്വന്തം ഭൂമിയിൽ കൃഷി ചെയ്യാനുള്ള അവസരം ലഭിച്ചതിലൂടെ കൃഷിയിലും ഉൽപാദനത്തിലും സ്ഥിരതയും ഉത്സാഹവും വർധിച്ചു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ നവജീവനം പകർന്നു. നീതിയുടെയും സമത്വത്തിന്റെയും ആശയങ്ങൾക്ക് വർദ്ധിച്ച സാമൂഹിക രാഷ്ട്രീയ പ്രസക്തിയും പിന്തുണയും ലഭിച്ചു. ഭൂമിയുടെ അവകാശം

ലഭിച്ചതോടെ സാധാരണക്കാരക്കും ദരിദ്രർക്കും സാമൂഹികമായും വിദ്യാഭ്യാസപരമായും അതുവഴി സമ്പത്തികമായും വളരാൻ സാധിച്ചു. ഏറെ ലോക ശ്രദ്ധ ആകർഷിച്ച, കുറഞ്ഞ സമ്പത്ത് കൊണ്ടുള്ള ഉയർന്ന മാനവ വികസന സൂചികകൾ സാധ്യമാക്കിയ കേരള വികസന മാതൃകയ്ക്ക് ശക്തമായ അടിത്തറ പാകാനും ഈ നിയമത്തിനും അതിന്റെ ശക്തമായ നടപ്പാക്കലിനും സാധിച്ചു.

## മാറുന്ന ഭൂവിനിയോഗം

കേരളത്തിന്റെ ഭൂവിനിയോഗ രീതികളിൽ സമീപകാലത്ത് ശ്രദ്ധേയമായതും കാതലായതുമായ മാറ്റങ്ങളാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. കൃഷി ഭൂമിയുടെ വിസ്തൃതിയിൽ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്. നെൽകൃഷിയുടെ വിസ്തൃതിയിൽ ഏകദേശം 60 ശതമാനത്തോളം കുറവുണ്ടായത് ഇതിൽ ഏറ്റവും പ്രകടമാണ്. ജനസംഖ്യാ വർദ്ധനവ്, തൊഴിലാളിക്ഷാമം, ഉയർന്ന സാമ്പത്തിക ലാഭം നൽകുന്ന റബ്ബർ, തെങ്ങ് പോലുള്ള വാണിജ്യവിളകളിലേക്കുള്ള മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം എന്നിവയാണ് നെൽവയലുകൾ കാർഷികേതര ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെടാൻ പ്രധാന കാരണം. തത്ഫലമായി, 2000-ൽ 30 ലക്ഷം ഹെക്ടറുണ്ടായിരുന്ന ആകെ കൃഷിഭൂമിയുടെ വിസ്തൃതി നിലവിൽ 25.4 ലക്ഷം ഹെക്ടറായി ചുരുങ്ങി. ഈ മാറ്റങ്ങൾ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയിലും, പരിസ്ഥിതിയിലും, പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഭൂവിനിയോഗ ഭരണത്തിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി റവന്യൂ വകുപ്പ് നിയമപരമായ ചട്ടക്കൂടിലും സുപ്രധാന പരിഷ്കാരങ്ങൾ വരുത്തി. 'കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം 2008' ഉൾപ്പെടെയുള്ള സുപ്രധാന നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തി.

## എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യത്തോടെ പട്ടയ മിഷന് രൂപം നൽകി. ഇതിന്റെ ഭാഗമായി, കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 4 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കി. കൂടാതെ, മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കാനായി മേഖലാ ലാൻഡ്

ബോർഡുകൾക്ക് രൂപം നൽകുകയും, ഭൂരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി അതിദരിദ്രർക്ക് ഭൂമിയും നിയമപരമായ ഉടമസ്ഥാവകാശവും ഉറപ്പുവരുത്തുകയും ചെയ്തു.

ഡിജിറ്റൽ സർവ്വേയിലൂടെ അധികഭൂമി സംബന്ധിച്ച തർക്കരഹിതമായ കൈവശാവകാശം നിയമപരമായി ക്രമവൽക്കരിക്കാനുള്ള കേരള സ്വകാര്യ ഭൂമിയിലെ അധിക ഭൂമി (നിശ്ചയിക്കലും ക്രമപ്പെടുത്തലും) ആക്ട് പാസാക്കിയത്, 'conclusive title' സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ്. കൂടാതെ, മലബാർ മേഖലയിലെ 'നി.കെ' (നികുതി കെട്ടാത്തത്) എന്ന് രേഖപ്പെടുത്തിയിരുന്ന പതിനായിരക്കണക്കിന് ഭൂമികൾക്ക് നികുതി നിശ്ചയിച്ച് നൽകി നിയമപരമായ പരിഹാരം കാണുകയും ചെയ്തു.

## എല്ലാ സേവനങ്ങളും സ്മാർട്ട്

'സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിലൂടെ വില്ലേജ് ഓഫീസുകളെ പൂർണ്ണമായും കടലാസ് രഹിതവും, പൗര കേന്ദ്രീകൃതവുമായ ഡിജിറ്റൽ സേവന കേന്ദ്രങ്ങളാക്കി മാറ്റി. ഈ സമഗ്രമായ മാറ്റങ്ങളിലൂടെ, റവന്യൂ വകുപ്പ് ജനസൗഹൃദപരവും കാര്യക്ഷമതയുമുള്ള ഒരു ഭരണസംവിധാനമായി രൂപാന്തരപ്പെട്ടിരിക്കുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ 'ഇ-പട്ടയം', റവന്യൂ ഇ-കോർട്ട്, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം (LAMS) പോലുള്ള സ്മാർട്ട് സേവനങ്ങൾ നടപ്പിലാക്കി സേവന വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി.

## ഭൂമി ഏറ്റെടുക്കൽ വികസനത്തിന്റെ ചാലക ശക്തി

കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഭൂമി ഏറ്റെടുക്കലാണ് കഴിഞ്ഞ ഒരു ദശാബ്ദമായി നടന്നുകൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് എല്ലാം ഭൂമി ആവശ്യമാണ്. വികസനം നടക്കണമെങ്കിൽ ഭൂമി കൂടിയേ തീരൂ. റോഡ്, പാലം, വിമാനത്താവളം, റെയിൽവേ, തുറമുഖം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനം തുടങ്ങി ഏത്

പദ്ധതിക്കും ഭൂമി ആവശ്യമാണ്. ദേശീയ പാതയ്ക്ക് വേണ്ടി 1396.7 ഹെക്ടർ ഭൂമിയും മറ്റ് വികസന പദ്ധതികൾക്ക് വേണ്ടി 1028.5 ഹെക്ടർ ഭൂമിയും ഈ കാലയളവിൽ റവന്യൂ വകുപ്പ് ജനങ്ങളിൽ നിന്നും ഏറ്റെടുത്ത് നൽകിയിട്ടുണ്ട്.

## വിഷൻ **2031**

ഒരു നാടിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയുടെ അചഞ്ചലമായ അടിത്തറയാണ് അവിടുത്തെ ഭൂമി. ഈ നിർണ്ണായക സമ്പത്തിന്റെ ഭരണനിർവ്വഹണം, നികുതി സമാഹരണം, ഒപ്പം ഭൂരഹിതർക്ക് ആശ്രയമേകൽ എന്നീ സുപ്രധാന ഉത്തരവാദിത്തങ്ങൾ നിശ്ശബ്ദമായി നിർവഹിക്കുന്ന വകുപ്പാണ് കേരളത്തിലെ ലാൻഡ് റവന്യൂ വകുപ്പ്. സംസ്ഥാന രൂപീകരണത്തിന് ശേഷം, ഭൂപരിഷ്കരണ നിയമം, ഭൂനികുതി നിയമം തുടങ്ങിയ വിപ്ലവകരമായ ചുവടുവെപ്പുകളിലൂടെ സാമൂഹിക നീതി ഉറപ്പാക്കുന്നതിൽ ഈ വകുപ്പ് ചരിത്രപരമായ പങ്ക് വഹിച്ചിട്ടുണ്ട്.

കാലാനുസൃതമായി സാങ്കേതിക നവീകരണങ്ങൾ ഉൾക്കൊണ്ട്, റവന്യൂ വകുപ്പ് പരമ്പരാഗത രീതി മാറ്റി ഒരു ആധുനികവും ജനകേന്ദ്രിതവുമായ സേവന സംവിധാനമായി വളർന്നിരിക്കുന്നു. ജനങ്ങൾക്ക് സുതാര്യമായും വേഗത്തിലും കൃത്യമായും ഭൂമിസംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ദൗത്യം. വിഷൻ 2031- റവന്യൂ വകുപ്പ് ഭാവിയിലേക്കുള്ള യാത്രയെ, ഡിജിറ്റൽ പരിവർത്തനം, കാര്യക്ഷമത, സുതാര്യത, പരിസ്ഥിതി സൗഹൃദ വികസനം, സാമൂഹിക നീതി, പൗര പങ്കാളിത്തം എന്നിവയെ ആസ്പദമാക്കി ഒരു ഉത്തരവാദിത്തമുള്ള ഭരണരീതി രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പുതിയ ദിശയിൽ നയിക്കുന്നു.

സംസ്ഥാനത്തിന്റെ സമഗ്ര വികസന ദർശനവുമായി പൊരുത്തപ്പെടുന്ന വിധത്തിൽ, ഈ ദർശനരേഖ റവന്യൂ വകുപ്പ് കൂടുതൽ ജനസൗഹൃദവും ദൃഢമായ ഭരണ സംവിധാനവുമാക്കി മാറ്റുന്നതിനുള്ള മാർഗദർശകമായി പ്രവർത്തിക്കും. സാങ്കേതികവിദ്യയുടെ കരുത്തിൽ ഊന്നി, 2031-ഓടെ കേരളത്തിന്റെ ഭൂ-ഭരണ സംവിധാനത്തെ അടിമുടി പരിവർത്തനം ചെയ്യുക എന്ന ബൃഹത്തായ സ്വപ്നമാണ് ഈ ദർശനം മുന്നോട്ട് വെക്കുന്നത്. തർക്കരഹിതവും, സുതാര്യവും, ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതുമായ ഒരു മാതൃകാ ഭൂ ഭരണ സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ ദർശനത്തിന്റെ കാതൽ.

അന്തിമ ഭൂ ഉടമസ്ഥത നിശ്ചയത്തിലേക്കുള്ള **(Conclusive title)** യാത്ര

നമ്മുടെ രാജ്യത്ത്, ഒരു വ്യക്തിയുടെ ഭൂമിയുടെ ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നത് Presumptive Title എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതായത്, ആധാരം പോലുള്ള കൈവശരേഖകളുടെ ഒരു ശൃംഖലയെ ആശ്രയിച്ചാണ് ഉടമസ്ഥാവകാശം അനുമാനിക്കപ്പെടുന്നത്. രജിസ്ട്രേഷനോ പോക്കുവരവോ ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുനൽകുന്നില്ല, മറിച്ച് കൈമാറ്റം രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. റവന്യൂ രേഖകൾ കൈവശാവകാശത്തെക്കുറിച്ചുള്ള ഒരു അനുമാനം മാത്രമാണ് നൽകുന്നത്, അത് ഭൂമിയുടെ മേലുള്ള തർക്കമില്ലാത്ത അവകാശം സ്ഥാപിക്കുന്നില്ല.

ഈ നിയമപരമായ ദൗർബല്യമാണ് സംസ്ഥാനത്തെ ഭൂമി തർക്കങ്ങളുടെ പ്രധാന കാരണം. നിലവിലെ രേഖകളെല്ലാം അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതായതുകൊണ്ട്, ഏത് ഉടമസ്ഥതയും എപ്പോൾ വേണമെങ്കിലും സിവിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാം. രാജ്യത്തെ സിവിൽ കേസുകളിൽ മൂന്നിൽ രണ്ട് ഭാഗവും ഭൂമി സംബന്ധമായ തർക്കങ്ങളാണെന്നും, ഇത് രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന് (ജിഡിപി) 1.3% നഷ്ടമുണ്ടാക്കുന്നുവെന്നും വിവിധ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കാതെ ഭൂ ഭരണത്തിന്റെ പ്രവർത്തന വേഗം വർദ്ധിപ്പിക്കാൻ സാധ്യമല്ല. പൗരന്മാർക്കും സർക്കാരിനും ഒരുപോലെ സമയവും പണവും നഷ്ടമുണ്ടാക്കുന്ന ഈ വ്യവഹാരങ്ങൾക്ക് അറുതിവരുത്താൻ, 'ടോറൻസ് ടൈറ്റിൽ സിസ്റ്റം' മാതൃകയിലുള്ള Conclusive Titling എന്ന സംവിധാനത്തിലേക്ക് കേരളം മാറേണ്ടത് അനിവാര്യമാണ്. ഈ സംവിധാനത്തിലൂടെ ഭൂമിയുടെ ഉടമസ്ഥാവകാശം ഡിജിറ്റൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അതിന് പൂർണ്ണമായ ഗ്യാരണ്ടി നൽകുകയും ചെയ്യും. പിന്നീട് ഭൂമിയിടപാടുകൾക്ക് പഴയ ആധാരങ്ങളുടെ ശൃംഖല പരിശോധിക്കേണ്ട ആവശ്യം വരുന്നില്ല. രജിസ്റ്ററിൽ പേരുള്ളയാൾ ആരാണോ, അവരായിരിക്കും ഭൂമിയുടെ ചോദ്യം ചെയ്യാനാവാത്ത അവകാശി.

ഇത് നടപ്പാക്കാൻ ഒരു പുതിയ സെറ്റിൽമെന്റ് ആക്ട് ആവശ്യമാണ്. കേരളത്തിന്റെ ഡിജിറ്റൽ ഭൂഭരണത്തിന്റെ കേന്ദ്രബിന്ദുവായി 'ILIMS' പദ്ധതി മാറിക്കഴിഞ്ഞു. CORS, റിയൽ ടൈം കൈനമാറ്റിക് (RTK) സംവിധാനങ്ങൾ, റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് രജിസ്റ്റേഡ് ലാൻഡ് കൂടി സർവ്വെ ചെയ്ത് പൂർണ്ണമായും ഓൺലൈനായി സേവനം ലഭ്യമാക്കുന്ന രീതയിയിലേയ്ക്ക് മാറുന്ന ഡിജിറ്റൽ സർവെ രാജ്യത്തിനുതന്നെ മാതൃകയാണ്. ഡിജിറ്റൽ റീ-സർവ്വേയിലൂടെ ലഭിക്കുന്ന കൃത്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി, ഓരോ തുണ്ട് ഭൂമിക്കും തർക്കമില്ലാത്തതും ചോദ്യം ചെയ്യാനാവാത്തതുമായ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാൻ ഈ നിയമം സർക്കാരിന് അധികാരം നൽകുന്നതാണ്. 2031-ഓടെ കേരളത്തെ ഭൂമി സംബന്ധമായ തർക്കങ്ങളിൽ നിന്ന് പൂർണ്ണമായി മുക്തമാക്കുക എന്നതാണ് 'വിഷൻ 2031' മുന്നോട്ടുവെക്കുന്ന മഹത്തായ ലക്ഷ്യം. നിലവിലെ **Presumptive Title** കളെ അടിസ്ഥാനമാക്കിയുള്ള, രേഖകളുടെ കെട്ടുപാടുകളിൽ കുടുങ്ങിയ സംവിധാനത്തിൽ നിന്ന്, സാങ്കേതികവിദ്യയുടെ കരുത്തിൽ പ്രവർത്തിക്കുന്ന ഒരു ആധുനിക ഭൂ-ഭരണ സംവിധാനത്തിലേക്കുള്ള മാറ്റമാണിത്.

ഭൂപരിഷ്കരണ നിയമത്തിലെ പരിഷ്കരണം

കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ നാഴികക്കല്ലായ ഭൂപരിഷ്കരണ നിയമം ജന്മിത്തം അവസാനിപ്പിക്കുകയും ദശലക്ഷക്കണക്കിന് കുടിയാന്മാർക്ക് ഭൂമിയിൽ അവകാശം നൽകുകയും ചെയ്തു. എന്നാൽ, ഈ നിയമത്തിലെ തോട്ടം ഭൂമിക്കുള്ള ഇളവുകൾ കാലക്രമേണ വലിയ നിയമപ്രശ്നങ്ങൾക്ക് കാരണമായി. കെ.എൽ.ആർ. ആക്ടിലെ സെക്ഷൻ 81(1)(e) പ്രകാരം, തോട്ടം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയെ ഭൂപരിധി നിയമങ്ങളിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ ഈ ഇളവ് ദുരുപയോഗം ചെയ്യപ്പെട്ടു. തോട്ടം എന്ന നിലയിൽ നിന്ന് ഭൂമിയുടെ സ്വഭാവം മാറുമ്പോഴോ, പാട്ടക്കാലാവധി അവസാനിക്കുമ്പോഴോ ആ ഭൂമി സർക്കാരിലേക്ക് തിരിച്ചുപിടിക്കാൻ വ്യക്തവും ശക്തവുമായ വ്യവസ്ഥകൾ നിയമത്തിൽ ഇല്ലാതെ പോയി. തോട്ടം ഭൂമിയുടെ മറവിൽ നടക്കുന്ന നിയമലംഘനങ്ങൾ അവസാനിപ്പിക്കാൻ കെ.എൽ.ആർ. ആക്ടിൽ സമഗ്രമായ ഭേദഗതികൾ ആവശ്യമാണ്. ലാൻഡ് അസറ്റ് റിക്കവറി ട്രിബ്യൂണലുകൾ രൂപീകരിച്ച്, പാട്ടക്കാലാവധി കഴിഞ്ഞതും തോട്ടം അല്ലാതായി മാറിയതുമായ

ഭൂമിയുടെ ഉടമസ്ഥാവകാശം നിർണ്ണയിക്കാനും സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കാനും അധികാരമുള്ള ഒരു ക്വാസി ജൂഡീഷ്യൽ ട്രിബ്യൂണൽ സ്ഥാപിക്കാൻ നിയമ ഭേദഗതി ആവശ്യമാണ്. തോട്ടം എന്ന ഇളവ് സജീവമായി കൃഷി ചെയ്യുന്ന ഭൂമിക്ക് മാത്രമായി പരിമിതപ്പെടുത്തുകയും അല്ലാത്തവ സർക്കാരിലേക്ക് നിക്ഷിപ്തമാക്കുകയും ചെയ്യുന്ന രീതിയിൽ നിയമം പരിഷ്കരിക്കാവുന്നതുമാണ്.

സംസ്ഥാനത്തുടനീളം വിഷയാനുസൃത ഭൂപട നിർമ്മാണവും (Thematic Mapping) പാഴ്ഭൂമി മാപ്പിംഗും (Wasteland Mapping) പൂർത്തിയാക്കുകയും ഈ GIS ഡാറ്റാബേസ് ഉപയോഗിച്ച്, കാർഷികേതര ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായതും എന്നാൽ നിലവിൽ ഫലപ്രദമായി ഉപയോഗിക്കാത്തതുമായ ഭൂമി (പാഴ്ഭൂമി) കണ്ടെത്താനാകും. ഇത്തരത്തിൽ ശാസ്ത്രീയമായി നിർണ്ണയിക്കുന്ന ഭൂമി, സർക്കാർ അംഗീകൃത 'പൊതു ആവശ്യങ്ങൾക്കായി' നിക്ഷേപകർക്ക് ലഭ്യമാക്കാൻ ഭൂപരിധിയിൽ വ്യവസ്ഥാപിതമായ ഇളവുകൾ നൽകാവുന്നതാണ് . ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനൊപ്പം, കാർഷിക ഭൂമിയുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യും.

ഭൂമി എന്ന അവകാശം

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ചില കാലതാമസങ്ങൾ നിലനിൽക്കുന്നു. ഭൂരഹിതരില്ലാത്ത കേരളം ഒരു യാഥാർത്ഥ്യമാകാൻ ഏറെ ദൂരം കൂടി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. സ്വന്തമായി ഒരുതുണ്ട് ഭൂമിയില്ലാത്ത ഒരു കുടുംബവും കേരളത്തിൽ ഉണ്ടാകാൻ പാടില്ലയെന്ന ലക്ഷ്യം എത്ര പരിശ്രമിച്ചും നേടിയെടുക്കണം. അതിനായി ഭൂമി കണ്ടെത്തേണ്ടിയിരിക്കുന്നു. പതിച്ച് നല്കാൻ കഴിയാത്ത പുറമ്പോക്കുകളിൽ താമസിക്കുന്ന നിസ്വരായ ജനങ്ങൾക്ക് ഒരു വീടെന്നെ സ്വപ്നം യാഥാർത്ഥ്യമാകാൻ സർക്കാരിന്റെ നിതാന്തമായ ഇടപെടൽ ആവശ്യമാണ്. പട്ടയ വിതരണത്തിനായി നിലവിലുള്ള ഡിജിറ്റൽ ഡാഷ്ബോർഡ് സംവിധാനം കൂടുതൽ സമഗ്രമാക്കും. സ്റ്റേറ്റ് ലാൻഡ് ബാങ്കുമായി ബന്ധിപ്പിക്കുന്ന ഈ സംവിധാനം, ഓരോ പ്രദേശത്തും ലഭ്യമായ ഭൂമി, അപേക്ഷകരുടെ പട്ടിക, നടപടിക്രമങ്ങളുടെ പുരോഗതി എന്നിവ സുതാര്യമായി ലഭ്യമാക്കും.

കേരളാ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും വേണ്ടി പതിച്ചുനൽകിയ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നുള്ള കോടതിവിധികൾ സംസ്ഥാനത്ത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. പതിറ്റാണ്ടുകളായി കുടിയേറിപ്പാർക്കുന്ന ഭൂമിയിൽ ജനങ്ങൾ ഉപജീവനത്തിനായി നിർമ്മിച്ച കെട്ടിടങ്ങൾ നിയമവിരുദ്ധമായി മുദ്രകുത്തപ്പെട്ടു. 2023-ലെ കേരളാ ഭൂമി പതിവ് (ഭേദഗതി) ആക്ടും സമഗ്രമായ ചട്ടവും പാസാക്കി സർക്കാർ ഈ പ്രതിസന്ധി മറികടന്നു.

ഭൂസംരക്ഷണവും സുസ്ഥിര വിഭവ പരിപാലനവും

സർക്കാർ ഭൂമി അനധികൃതമായി കൈയേറുന്നത് തടയുന്നതിനുള്ള നിയമം കാലോചിതമായ പരിഷ്കരണം ആവശ്യപ്പെടുന്നുണ്ട്. പ്രകൃതിവിഭവങ്ങളുടെ ചൂഷണം തടയുന്നതിനും അവയുടെ സുസ്ഥിരമായ വിനിയോഗം ഉറപ്പാക്കുന്നതിനും സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള ഒരു എൻഫോഴ്സ്മെന്റ് സംവിധാനം അനിവാര്യമാണ്.

- ഡിജിറ്റൽ രജിസ്റ്ററും തത്സമയ നിരീക്ഷണവും: LDI പ്ലാറ്റ് ഫോം ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ ഭൂമികളുടെയും സമ്പൂർണ്ണ ഡിജിറ്റൽ മാപ്പ് തയ്യാറാക്കും. ഉയർന്ന റെസല്യൂഷനുള്ള സാറ്റലൈറ്റ് ചിത്രങ്ങളുമായി ഈ ഡാറ്റയെ ബന്ധിപ്പിച്ച് കൈയേറ്റങ്ങൾ തത്സമയം നിരീക്ഷിക്കാൻ (Real-time Monitoring) സംവിധാനം ഒരുക്കും.
- പിഴ ഘടനയുടെ പരിഷ്കരണം: നിയമം സമഗ്രമായി ഭേദഗതി ചെയ്ത്, അനധികൃത കൈയേറ്റത്തിനുള്ള പിഴ തുക ഭൂമിയുടെ അന്നത്തെ ന്യായവിലയുമായി (Fair Value) ബന്ധിപ്പിക്കും.
- അതിവേഗ നടപടി: കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള കളക്ടറുടെ അധികാരം (Sec 11(3)) ഡിജിറ്റൽ തെളിവുകളുടെ പിൻബലത്തോടെ, അതിവേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കാൻ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.
- ഡിജിറ്റൽ എൻഫോഴ്സ്മെന്റ് വിംഗ്: നദീതട സംരക്ഷണത്തിനായി

ജിയോ-ഇൻഫോർമാറ്റിക്സ് നദീതട മാപ്പിംഗ് (Riverbed Mapping) നിർബന്ധമാക്കും. അനധികൃത ഖനനവും മണൽവാരലും തടയുന്നതിനായി, റവന്യൂ, പോലീസ്, ജിയോളജി വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംസ്ഥാനതല പാരിസ്ഥിതിക എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കും. GIS ഡാറ്റ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സംയുക്ത സ്ക്വാഡുകൾ, വാഹനങ്ങൾ പിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള അധികാരങ്ങൾ ഉപയോഗിച്ച് നിയമലംഘനങ്ങൾ തത്സമയം തടയും.സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി ലാന്റ് മാനേജ്മെന്റ് കമ്മിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടെ പങ്കാളിത്തത്തോടെ കൊണ്ടുവരും.മലിനമാക്കുന്നയാൾ പിഴ അടയ്ക്കണം എന്ന തത്വം നിയമത്തിൽ ഉൾപ്പെടുത്തും.

ഫലപ്രദമായ ധനസമാഹരണത്തിനായി ഭൂമി ലഭ്യത ഉറപ്പാക്കൽ

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഭൂമി നിർണായ പങ്ക് വഹിക്കുന്നുണ്ട് .സർക്കാരിന്റെ പദ്ധതികൾക്കും സ്വകാര്യ സംരംഭകർക്കും മുതൽ മുടക്കുന്നതിനായി ഭൂമി ലഭ്യത യഥാ സമയം ഉറപ്പുവരുത്തുന്നത് ധനസമാഹരണത്തെയും അനുകൂലമായി ബാധിക്കും .ഇതിനായി ഭൂമി ഏറ്റെടുക്കൽ ,വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം , ഭൂ പരിഷ്കരണ ആക്ട് ഇവയിലെല്ലാം കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു

സ്റ്റേറ്റ് ലാൻഡ് ബാങ്ക്

നിലവിലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള ഉയർന്ന നഷ്ടപരിഹാരവും പുനരധിവാസ പാക്കേജുകളും അടിസ്ഥാന സൗകര്യ പദ്ധതികളുടെ ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു.

- സ്റ്റേറ്റ് ലാൻഡ് ബാങ്ക് **(SLB)**: സർക്കാർ ഉടമസ്ഥതയിലുള്ളതും എന്നാൽ നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി കണ്ടെത്തി ഒരു കേന്ദ്രീകൃത 'സ്റ്റേറ്റ് ലാൻഡ് ബാങ്ക്' (State Land Bank) രൂപീകരിക്കും. കൈയേറ്റം ഒഴിപ്പിച്ച് കണ്ടുകെട്ടുന്ന ഭൂമി (KLC Act), അവകാശികളില്ലാത്തതോ നികുതി കുടിശ്ശികയുള്ളതോ ആയ ഭൂമി (Escheat & Forfeiture Act, 1964), ഭൂമി വിട്ടൊഴിയൽ പ്രകാരം ലഭിക്കുന്ന ഭൂമി എന്നിവയെല്ലാം ഈ ഡിജിറ്റൽ ലാൻഡ് ബാങ്കിലേക്ക് സംയോജിപ്പിക്കും.

- **SDSS അധിഷ്ഠിത ആസൂത്രണം:** ഏതൊരു പുതിയ വികസന പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും, SDSS സംവിധാനം ഉപയോഗിച്ച് ആദ്യം SLB-യിൽ അനുയോജ്യമായ ഭൂമി ലഭ്യമാണോ എന്ന് പരിശോധിക്കും. ഇത് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് കുറയ്ക്കാനും പദ്ധതിച്ചെലവ് ഗണ്യമായി നിയന്ത്രിക്കാനും സഹായിക്കും.

- ഭൂമി ഏറ്റെടുക്കലിനായി പുതിയ ആക്ട് നിലവിൽ വന്നെങ്കിലും നടപടികൾ ഇനിയും ലളിതം ആവേണ്ടതുണ്ട്,ഏറ്റെടുക്കൽ സമയ ബന്ധിതമായി തീർക്കാനും അതുമായി ബന്ധപ്പെട്ട കേസുകൾ ഉടലെടുക്കുന്നത് കുറയ്ക്കുവാനും നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തും .ഡിജിറ്റൽ സർവേ, കൺക്ലൂസീവ് ടൈറ്റിലിംഗ് എന്നിവയുടെ ഗുണ ഫലങ്ങൾ ഭൂമി ഏറ്റെടുക്കലിനായി ഉപയോഗിക്കുകയാണ് ലക്ഷ്യം .ഭൂ ഉടമസ്ഥത , കൈമാറ്റം, ഏറ്റെടുക്കൽ പുരോഗതി എന്നിവ ട്രാക്ക് ചെയ്യാനും , ഭൂമിയുടെ തത് സ്ഥിതി ഫോട്ടോ യുടെ സഹായത്തോടെ അറിയിക്കുന്നതിനും ,ജിയോ റഫറൻസിങ് സംവിധാനത്തിന്റെ സഹായത്തോടെ നടപടികൾ വേഗത്തിലും സുതാര്യമായും നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു .
- ഇ കോർട്ട് ഇന്റഗ്രേഷൻ നടപ്പിലാക്കി ഏറ്റെടുക്കൽ സംബന്ധിച്ച കേസ് വിവരങ്ങൾ ഒരു പോർട്ടലിൽ ഒരു കൊണ്ടുവരികയും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി നിലവിലെ ആക്ടിൽ അനുശാസിക്കും പ്രകാരമുള്ള എൽ എ ആർ ആർ അതോറിറ്റി രൂപീകരിക്കുകയും അദാലത്ത് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യും. ബഹു. ഹൈക്കോടതിയിൽ നിലവിൽ 12464 കേസുകൾ സർക്കാർ എതിർ കക്ഷിയായി ഉണ്ട് .അതിൽ നാൽപ്പത് ശതമാനവും റവന്യൂ വകുപ്പിനെ സംബന്ധിച്ച് ഉള്ളതാണ് .കേസുകൾ തീർപ്പാക്കുന്നതിൽ മീഡിയേഷൻ സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.
- ഇക്കാര്യങ്ങൾ നടപ്പിലാക്കും വരെ നടപടികൾ വേഗത്തിലാക്കാൻ മറ്റൊരു മാർഗമെന്ന നിലയിൽ നെഗോഷ്യബിൾ പർച്ചേസ് വഴി ഭൂമി വാങ്ങുന്നതിനായി നിയമം കൊണ്ടുവരുന്നതിന്റെ സാധ്യതയും പരിശോധിക്കും.

ഭൂ വിനിയോഗം

'വിഷൻ 2031' എന്ന കേരളത്തിന്റെ അതിവിശാലമായ ലക്ഷ്യത്തിലേക്കുള്ള

പ്രയാണത്തിൽ, സംസ്ഥാനത്തിന്റെ ഭൂവിഭവ പരിപാലനത്തിൽ ഒരു സമഗ്രമായ പരിഷ്കരണമാണ് വിഭാവനം ചെയ്യുന്നത്. കേരളം നേരിടുന്ന സവിശേഷമായ ഭൂമിശാസ്ത്രപരമായ വെല്ലുവിളികളെ (ഉയർന്ന ജനസാന്ദ്രത, പരിസ്ഥിതിലോല പ്രദേശങ്ങൾ, പരിമിതമായ ഭൂലഭ്യത) അതിനൂതന സാങ്കേതികവിദ്യയുടെയും ദീർഘവീക്ഷണ ത്തോടെയുള്ള നിയമ നവീകരണത്തിന്റെയും പിൻബലത്തോടെ അതിജീവിക്കുക എന്നതാണ് ഈ ബൃഹത് പദ്ധതിയുടെ കാതൽ. നിലവിലെ നിയമപരമായ വൈരുദ്ധ്യങ്ങളും ഭരണപരമായ കാലതാമസങ്ങളും പൂർണ്ണമായും ഇല്ലാതാക്കി, സാമ്പത്തിക വളർച്ച, സാമൂഹിക നീതി, പാരിസ്ഥിതിക സംരക്ഷണം എന്നിവയെ ഒരേ കുടക്കീഴിൽ സമന്വയിപ്പിക്കുന്ന ഒരു ഏകീകൃത ഭൂവിനിയോഗ മാതൃക സ്ഥാപിക്കുകയാണ് ലക്ഷ്യം.

2031-ലെ ഭൂ ഭരണത്തിന്റെ അടിത്തറ, എല്ലാ വകുപ്പുകളെയും കോർത്തിണക്കുന്ന ഒരു ഏകീകൃത ഭൂമി ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (LDI) ആയിരിക്കും. ഭൂമി സംബന്ധമായ തർക്കങ്ങളുടെയും അവ്യക്തതകളുടെയും മൂലകാരണം വിവിധ വകുപ്പുകൾ സൂക്ഷിക്കുന്ന രേഖകളിലെ പൊരുത്തക്കേടുകളാണ്.

റവന്യൂ, വനം, സർവ്വെ, തദ്ദേശ സ്വയംഭരണം, കൃഷി എന്നീ സുപ്രധാന വകുപ്പുകളുടെ കൈവശമുള്ള എല്ലാ ഭൂരേഖകളും ഡിജിറ്റൽ രൂപത്തിലാക്കി ഈ കേന്ദ്രീകൃത LDI പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിക്കും. ഓരോ തുണ്ട് ഭൂമിയുടെയും നിയമപരവും ഭൗതികവുമായ നില (ഉടമസ്ഥത, തരം, സംരക്ഷണ നില) സംബന്ധിച്ച് തർക്കമില്ലാത്ത, ആധികാരികമായ ഏകീകൃത വിവരസ്രോതസ്സായി ഈ സംവിധാനം മാറും. ഭൂമിയുടെ തരംമാറ്റം, പതിവ്, ഏറ്റെടുക്കൽ, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ നിയമപരമായ തീരുമാനങ്ങളും Spatial Decision Support System (SDSS) ന്റെ സഹായത്തോടെയായിരിക്കും കൈക്കൊള്ളുക.ഓരോ ഭൂമിയുടെയും പാരിസ്ഥിതികവും നിയമപരവുമായ എല്ലാ വിവരങ്ങളും ഒരൊറ്റ ഭൂപടത്തിൽ ദൃശ്യമാക്കുന്ന ഈ സംവിധാനം, ഭരണപരമായ തീരുമാനങ്ങളിലെ സുതാര്യതയും ശാസ്ത്രീയ അടിത്തറയും ഉറപ്പുവരുത്തും.

ഭൂ വിനിയോഗ ബോർഡ് രൂപീകരിക്കുന്ന ലാൻഡ് യൂസ് പോളിസി നടപ്പിലാക്കുന്നതിനായി ലാൻഡ് മാനേജ്മെന്റ് സംവിധാനം കൊണ്ടുവരുന്നതിനും ,എല്ലാ വകുപ്പുകളുമായും ഡാറ്റാ ഷെറിങ് സംവിധാനം കൊണ്ടുവരാനും അതിനായി ഒരു നയം രൂപീകരിക്കാനും റവന്യൂ വകുപ്പ് ലക്ഷ്യമിടുന്നു.

ദുരന്തസാധ്യത കൂടിയ സ്ഥലങ്ങളിൽ നിന്ന് ദീർഘ കാലാടിസ്ഥാനത്തിൽ ആളുകളെ മാറ്റുകയും നഗരവത്കരണം ദുരന്ത സാധ്യത കുറഞ്ഞ സ്ഥലങ്ങളിൽ കേന്ദ്രീകരിയ്ക്കുകയും ചെയ്യും.സൂക്ഷ്മമായ ഭൂവിനിയോഗവും, ജൈവ-അജൈവ പ്രതിരോധ സംവിധാനങ്ങളും, പ്രകൃതി സംരക്ഷണവും ഉറപ്പാക്കുന്നതിനായി ഭൂവിനിയോഗമനുസരിച്ച് ഭൂമിയെ വ്യത്യസ്ത സോണുകളാക്കി തിരിച്ച് അതിൽ വയൽ ,തണ്ണീർത്തടം , കൃഷി ഭൂമി, വ്യാവസായിക ആവശ്യങ്ങൾക്ക് ഉതകുന്നത് ,ദുരന്ത സാധ്യതാ പ്രദേശങ്ങൾ എന്നിങ്ങനെ അടയാളപ്പെടുത്തി അത് ഡി ഡി എം എ വഴി കൂടി പരിശോധിച്ച് ഉറപ്പുവരുത്തി പ്രസിദ്ധപ്പെടുത്തും.ദുരന്ത സാധ്യതാ മേഖലകളിൽ ആഘാതം കൂടുതൽ അനുഭവപ്പെടാൻ സാധ്യതയുള്ള ജനവിഭാഗങ്ങളുടെ വാസസ്ഥലം ഭൂപടത്തിൽ പ്രത്യേകമായി അടയാളപ്പെടുത്തി പ്രസിദ്ധപ്പെടുത്തും. ദുരന്ത സാധ്യത കാരണം നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിച്ചവർ മുൻപ് വസിച്ചയിടങ്ങൾ 'ദുരന്ത സാധ്യതാ പ്രദേശം ' എന്ന് റവന്യൂ രേഖകളിലും രേഖപ്പെടുത്തും.അത്തരം പ്രദേശങ്ങളിലെ നിർമ്മിതികൾ പൊളിച്ചുമാറ്റും. ചരിവ് കൂടുതലുള്ള പ്രദേശങ്ങളിലെ നിർമ്മാണം ,ഖനനം എന്നിവ സംബന്ധിച്ച് കൂടുതൽ പഠനം നടത്തി ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരും.റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത് ഇതിലൂടെ ലക്ഷ്യമിടുന്നു.

ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളുമായി സഹകരിച്ച് റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ ( Risk Informed Master Plan) , പ്രാദേശിക എമർജൻസി റെസ്പോൺസ് റിസർവ് എന്നിവ തയ്യാറാക്കുന്നതിനും, ഹൈ അൾട്ടിട്യൂഡ് എമർജൻസി റെസ്പോൺസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു .

വിവിധ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ഉത്തരവുകളിൽ ഐക രൂപ്യം കൊണ്ടുവരുന്നതിനും മാർഗ നിർദേശങ്ങൾ കൊണ്ടുവരും

തരം മാറ്റവും നെൽവയൽ തണ്ണീർ തട സംരക്ഷണവും

റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തുകയും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയുടെ തരംമാറ്റത്തിന് വലിയ കാലതാമസമുണ്ടാകുന്നത് പരിഹരിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ മുഴുവൻ നെൽവയലുകളും തണ്ണീർത്തടങ്ങളും ഉൾപ്പെടുന്ന ഡാറ്റാ

ബാങ്ക് സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത്, കേന്ദ്രീകൃത LDI-GIS പ്ലാറ്റ്ഫോമുമായി സംയോജിപ്പിക്കും. ഇതുവഴി, റവന്യൂ രേഖകളിലെ പൊരുത്തക്കേടുകൾ തത്സമയം പരിശോധിക്കാനും, ഡാറ്റാ ബാങ്കിനെ മാത്രം അടിസ്ഥാനമാക്കി തരംമാറ്റ അപേക്ഷകളിൽ അതിവേഗം തീരുമാനമെടുക്കാനും സാധിക്കും. കേരളാ നെൽവയൽ തണ്ണീർ തട സംരക്ഷണ നിയമത്തിന്റെ ഈ സാങ്കേതിക ശക്തീകരണത്തോടെ, നെൽ വയലുകൾ കൃത്യമായി സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ സഹായകമാകുന്നതാണ്.

2008-ലെ നിയമത്തിന്റെ അന്ത:സ്സത്ത നിലനിർത്തിക്കൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ (യഥാർത്ഥ നെൽവയൽ അല്ലാത്തതും നിയമപരമായി അനുവദനീയമായതുമായവ) തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അങ്ങേയറ്റം ലളിതമാക്കും.

ഡിജിറ്റൽ റീ-സർവേയുടെ വിവരങ്ങൾ, ഉപഗ്രഹ ചിത്രീകരണം, നെൽവയൽ-തണ്ണീർത്തട ഡാറ്റാ ബാങ്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിലെ ഭൂമിയുടെ തരം യാന്ത്രികമായി പുതുക്കുന്ന ഒരു ഏകീകൃത ഡിജിറ്റൽ സംവിധാനം നടപ്പിലാക്കും. പതിറ്റാണ്ടുകളായി റവന്യൂ രേഖകളിൽ 'നിലം' എന്ന് തെറ്റായി രേഖപ്പെടുത്തിയ, എന്നാൽ യഥാർത്ഥത്തിൽ പുരയിടമായി മാറിയ ഭൂമികളുടെ തരംമാറ്റം യാതൊരു അപേക്ഷയും കൂടാതെ സ്വമേധയാ തിരുത്തപ്പെടും. ഇത് ലക്ഷക്കണക്കിന് കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഇല്ലാതാക്കുകയും ഇടനിലക്കാരുടെ ചൂഷണത്തിനുള്ള സാധ്യത പൂർണ്ണമായും അവസാനിപ്പിക്കുകയും ചെയ്യും.

നെൽവയലുകൾ അനധികൃതമായി നികത്തുന്നവർക്ക് നിയമം ലംഘിക്കുന്നവർക്ക് ദ്രുതഗതിയിലുള്ളതും കടുപ്പമേറിയതുമായ പിഴകളും ശിക്ഷാ നടപടികളും ഉറപ്പാക്കും. അനധികൃത തരംമാറ്റം വരുത്തിയ ഭൂമിയുടെ വിവരം ലാൻഡ് പ്രൊഫൈലിൽ ഉൾപ്പെടുത്തി പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കും.നെൽവയലുകൾ സംരക്ഷിച്ചുകൊണ്ടുള്ളതും പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതുമായ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും പ്രാധാന്യം നൽകുക.

ഏകീകൃത ഭൂവിനിയോഗ കോഡ്

ഈ ബൃഹത് പദ്ധതിയുടെ ആത്യന്തിക പരിസമാപ്തി, നിലവിലെ പത്തോളം ഭൂനിയമങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 'കേരള ഏകീകൃത ഭൂവിനിയോഗ കോഡ്' (Kerala Unified Land Use Code ) എന്ന ഒരൊറ്റ, സമഗ്ര നിയമസംഹിത രൂപീകരിക്കുന്നതിലായിരിക്കും.

ഈ കോഡ് കേവലം ഒരു നിയമപുസ്തകമായിരിക്കില്ല, മറിച്ച് LDI, SDSS തുടങ്ങിയ സാങ്കേതികവിദ്യകളാൽ ശാക്തീകരിക്കപ്പെട്ട, തത്സമയം പ്രതികരിക്കുന്ന ഒരു 'ചലനാത്മക വ്യവസ്ഥ' (Dynamic System/Living System) ആയിരിക്കും. നിയമപരമായ ഏകീകരണം (Legal Consolidation), ഡിജിറ്റൽ ശാക്തീകരണം (Digital Empowerment), സുസ്ഥിര വിനിയോഗം (Sustainable Utilization) എന്നീ മൂന്ന് ഘടകങ്ങളിൽ ഊന്നിയ ഈ ദീർഘവീക്ഷണം, കേരളത്തെ സുസ്ഥിരവും നിക്ഷേപ സൗഹൃദപരവുമായ ഒരു നവയുഗത്തിലേക്ക് നയിക്കും.

എന്റെ ഭൂമി : സംയോജിത ഭൂ ഭരണം ഡിജിറ്റൽ രൂപത്തിൽ

ഡിജിറ്റൽ റീ-സർവ്വേയുടെ ഫലങ്ങൾക്ക് നിയമപരമായ പൂർണ്ണ സാധുത നൽകുന്നത് സെറ്റിൽമെന്റ് ആക്ട് ആയിരിക്കും. ഇത് നിലവിലുള്ള എല്ലാ തർക്കങ്ങൾക്കും ശാശ്വത പരിഹാരം കാണാൻ സഹായിക്കും. വിഷൻ 2031-ന്റെ ഡിജിറ്റൽ നട്ടെല്ല് സംയോജിത ഭൂമി വിവര മാനേജ്മെന്റ് സിസ്റ്റം (ILIMS) ആയിരിക്കും. 'എന്റെ ഭൂമി' എന്ന ഒറ്റ പോർട്ടലിലൂടെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ വരും. 2031-ഓടെ ഭൂമി രേഖകൾ പൂർണ്ണമായും ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയിലേക്ക് മാറ്റും. ഓരോ ഭൂമിയിടപാടും (വിൽപന, പണയം, കൈമാറ്റം, പോക്കുവരവ്) മാറ്റങ്ങൾ വരുത്താൻ സാധിക്കാത്ത ഒരു ഡിജിറ്റൽ ശൃംഖലയിൽ രേഖപ്പെടുത്തും. ഇത് രേഖകളിലെ കൃത്രിമം എന്നെന്നേക്കുമായി അവസാനിപ്പിക്കും.

രജിസ്ട്രേഷൻ വകുപ്പിൽ ഒരു ഭൂമിയിടപാട് രജിസ്റ്റർ ചെയ്യുന്ന നിമിഷം തന്നെ, ബ്ലോക്ക്ചെയിൻ വഴി റവന്യൂ രേഖകളിലും ഉടമസ്ഥാവകാശം യാന്ത്രികമായി മാറും. പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ പോകേണ്ട അവസ്ഥ ഇതോടെ

അവസാനിക്കും.എന്റെ ഭൂമി പോർട്ടലിൽ ലയറുകളായി എൽ എസ് ജി ഡി മാസ്റ്റർ പ്ലാൻ ചേർക്കും .

വികേന്ദ്രീകൃത റവന്യൂ ഭരണം :

എല്ലാവർക്കും ഉപയോഗിയ്ക്കാൻ കഴിയുന്ന തരത്തിലുള്ള ഒറ്റ ഡിജിറ്റൽ പ്ലാറ്റുഫോമിലൂടെ എല്ലാ സേവനങ്ങളും പ്രദാനം ചെയ്യുക എന്ന ദീർഘ കാല ലക്ഷ്യം സാക്ഷാത്ക്കരിയ്ക്കാനായി സാങ്കേതിക വിദ്യയുടെ മാറ്റത്തിന്റെ ഗതിയ്ക്കൊപ്പം ഇ സേവനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തും . പല സർട്ടിഫിക്കറ്റുകൾ നൽകൽ എന്ന രീതിയിൽ നിന്നും സർട്ടിഫിക്കറ്റുകളുടെ ആവശ്യകത പാടേ ഇല്ലാതാക്കുന്ന തരത്തിൽ വകുപ്പുകൾ തമ്മിലുള്ള ഡാറ്റാ ബേസ് പങ്കുവെയ്ക്കൽ നടപ്പിലാക്കും .വില്ലേജ് രേഖകളുടെ നാളതീകരണം , ന്യായ വിലയുടെ നാളതീകരണം എന്നിവ സ്വമേധയാ നടക്കുന്ന തരത്തിൽ ബ്ലോക്ക് ചെയിൻ ടെക്നോളജി പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കും. സേവനങ്ങൾ എല്ലാവർക്കും വേഗത്തിൽ മനസ്സിലാകുന്ന തരത്തിൽ ലളിതമായി മലയാളത്തിൽ , മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു .സെർവർ ശേഷി ഇതിനനുസൃതമായി വർധിപ്പിക്കും.

നിലവിലെ മാറ്റങ്ങളിൽ നിന്നും സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് , വകുപ്പിനെ കൂടുതൽ നവീകരിച്ച് ,ലോകോത്തര നിലവാരത്തിലുള്ള സേവനം പ്രദാനം ചെയ്ത് ജനങ്ങളെ കൂടുതൽ സ്വാധീനിയ്ക്കുന്ന രീതിയിലേക്ക് വകുപ്പിനെ മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത് .ജന ജീവിതം സുഗമമാക്കുക , ബിസിനസ് അന്തരീക്ഷം സൗഹൃദപരമാക്കുക എന്നിവ മുൻ നിർത്തിയുള്ള ഭരണത്തിനായി ഭൂ ലഭ്യത , രേഖകളുടെ ലഭ്യത, നിയമപരമായ ചട്ടക്കൂടുകൾ എന്നിവ ലളിതമാക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

റവന്യൂ ഇ-സാക്ഷരത മിഷൻ

സംസ്ഥാനം പൊതു ഡിജിറ്റൽ സാക്ഷരത നേടിയെങ്കിലും, പോക്കുവരവ് പോലുള്ള സങ്കീർണ്ണമായ റവന്യൂ സേവനങ്ങൾ സ്വയം ചെയ്യാൻ പൗരന്മാരെ പ്രാപ്തരാക്കേണ്ടതുണ്ട്.

ഇതിനായി ഒരു പ്രത്യേക ദൗത്യം നടപ്പിലാക്കും. 2031 ഓടെ, ലാൻഡ് റവന്യൂ വകുപ്പുമായി ഇടപഴകുന്ന 100% പൗരന്മാരും (ഒരു കുടുംബത്തിലെ ഒരാളെങ്കിലും) ഓൺലൈൻ ഇ-സേവനങ്ങൾ ഓഫീസുകളുടെയോ മറ്റ് സേവന കേന്ദ്രങ്ങളുടെയോ സഹായമില്ലാതെ പൂർത്തിയാക്കാൻ പ്രാപ്തരായിരിക്കണം. ഇതിലൂടെ ഓഫീസുകളിലെ നേരിട്ടുള്ള സന്ദർശനം 90% കുറയ്ക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞത്തിന്റെ തുടർച്ചയായി, റവന്യൂ സേവനങ്ങൾ കേന്ദ്രീകരിച്ചുള്ള ഈ പ്രത്യേക മിഷൻ നടപ്പാക്കും. നിലവിലെ ഡിജിറ്റൽ സാക്ഷരതാ യജ്ഞത്തിൽ പങ്കെടുത്ത 2.57 ലക്ഷം യുവ വോളണ്ടിയർമാർക്ക് റവന്യൂ ഇ-സേവനങ്ങളിൽ പ്രത്യേക പരിശീലനം നൽകി 'റവന്യൂ സേവാ മിത്രങ്ങളായി' നിയോഗിക്കും

ഭൂ ഭരണത്തിൽ (Land Governance) വിശ്വാസ്യത, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്ന ഒരു നിർണായക ഘട്ടത്തിലൂടെയാണ് കേരളം മുന്നേറുന്നത്. അതിനായി ശക്തമായ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ അടിത്തറയിൽ നിന്നു കൊണ്ട് 2031-ൽ, വകുപ്പിന്റെ എല്ലാ സേവനങ്ങളും പൗരന്മാർക്ക് ഓഫീസുകളിൽ കയറിയിറങ്ങാതെ സ്വയം ചെയ്യാൻ കഴിയുന്ന ഒരു സമ്പൂർണ്ണ ഡിജിറ്റൽ ഇക്കോസിസ്റ്റം സ്ഥാപിക്കുക എന്നതാണ് ഈ ദർശനത്തിന്റെ കാതൽ. ഇത് കേവലം സാങ്കേതികവിദ്യയുടെ വിന്യാസം മാത്രമല്ല, ആ സാങ്കേതികവിദ്യ അനായാസം ഉപയോഗിക്കാനുള്ള പൊതുജനങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയും ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യവും ഉറപ്പുവരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം കൂടിയാണ്. 2031-ഓടെ, കേരളത്തിലെ ലാൻഡ് റവന്യൂ വകുപ്പ്, പൂർണ്ണമായും ഡിജിറ്റലായി ശാക്തീകരിക്കപ്പെട്ട പൗരന്മാർക്കും, നൂതന സാങ്കേതികവിദ്യകളിൽ വൈദഗ്ദ്ധ്യം നേടിയ ജീവനക്കാർക്കും സേവനം നൽകുന്ന, സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്ന, ലോകോത്തര ഡിജിറ്റൽ ലാൻഡ് ഗവേണൻസ് മാതൃകയായി മാറും.

- ഘട്ടം തിരിച്ചുള്ള പരിശീലനം:
    - ഘട്ടം **I (2025-2027):** അടിസ്ഥാന ഭൂനികുതി ഓൺലൈൻ പേയ്മെന്റ്, സർട്ടിഫിക്കറ്റ് അപേക്ഷകൾ നൽകൽ എന്നിവ പരിശീലിപ്പിക്കും
    - ഘട്ടം **II (2027-2029):** പോക്കുവരവ്, തരം മാറ്റം തുടങ്ങിയ സങ്കീർണ്ണമായ സേവനങ്ങൾക്കായി 'ILIMS' ഏകീകൃത പോർട്ടൽ ആയ എന്റെ ഭൂമി പോർട്ടൽ

ഉപയോഗിക്കാൻ പഠിപ്പിക്കും.

- ഘട്ടം **III (2029-2031):** ഭൂമി രേഖകളുടെ ബ്ലോക്ക്ചെയിൻ സ്ഥിരീകരണം, ഡിജിറ്റൽ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അവബോധം എന്നിവ നൽകി പൗരന്മാരെ പൂർണ്ണമായും ശാക്തീകരിക്കും.

അഴിമതി നിർമ്മാർജ്ജനം

എല്ലാ സേവനങ്ങളും ഓൺലൈനാവുകയും നടപടിക്രമങ്ങൾ യാന്ത്രികമാവുകയും ചെയ്യുന്നതോടെ, ഉദ്യോഗസ്ഥരുടെ വിവേചനാധികാരം കുറയുകയും അതുവഴി ജോലി ഭാരം കുറയ്ക്കാനും സാധിക്കും കൂടാതെ ഇടനിലക്കാരുടെയും അഴിമതിയുടെയും സാധ്യത പൂർണ്ണമായി ഇല്ലാതാവുകയും ചെയ്യും.ജീവനക്കാരുടെ സേവനം സംബന്ധിച്ച റേറ്റിംഗ് , അഴിമതി സംബന്ധിച്ച പരാതികൾ അറിയിക്കുക എന്നിവയ്ക്കായി ഒരു മൊബൈൽ ആപ്ളിക്കേഷൻ നിർമിച്ച് ലഭ്യമാക്കാനും വകുപ്പ് ലക്ഷ്യമിടുന്നു . കൂടാതെ ,സേവങ്ങളുടെ സമയ പരിധി നിശ്ചയിക്കുകയും , വിജിലൻസ് സംവിധാനത്തെ സ്വതന്ത്രമാക്കി ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനും ലക്ഷ്യമിടുന്നു

പരിശീലനവും നവീകരിക്കലും

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷിയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയാണ്. ഇതിനകം തന്നെ കേരള സർവകാലാശാലയുമായി ചേർന്ന് ദുരന്ത നിവാരണത്തിൽ എം. ബി. എ കോഴ്സ് ആരംഭിച്ച ILDM സാങ്കേതികവിദ്യയുടെ വേഗതയ്ക്കൊപ്പം സഞ്ചരിക്കാൻ ജീവനക്കാരെ സജ്ജരാക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിനെ (ILDM) വിപുലീകരിച്ച് GIS, ഡാറ്റാ അനലിറ്റിക്സ്, സൈബർ സുരക്ഷാ ഓഡിറ്റ് എന്നിവ നിർബന്ധിത വിഷയങ്ങളാക്കി, അഡ്വാൻസ്ഡ് ലാൻഡ് ഗവേണൻസ് & ടെക്നോളജിയുടെ നിലവാരത്തിലേയ്ക്ക് ഒരു ഉന്നതതല അക്കാദമിയാക്കി മാറ്റും.

- ഡിജിറ്റൽ പ്രൊഫിഷ്യൻസി സർട്ടിഫിക്കേഷൻ : ലാൻഡ് റവന്യൂ വകുപ്പിലെ 100% ഫീൽഡ് തല ഉദ്യോഗസ്ഥരും (വില്ലേജ് ഉദ്യോഗസ്ഥർ മുതൽ കമ്മീഷണറേറ്റിലെ

ഉദ്യോഗസ്ഥർ വരെ) GIS മാപ്പിംഗ്, 'ILIMS' ഡാറ്റാ വെരിഫിക്കേഷൻ, ബ്ലോക്ക്ചെയിൻ സ്ഥിരീകരണ പ്രക്രിയകൾ, പരിശോധനാ സംവിധാനങ്ങൾ എന്നിവയിൽ സർട്ടിഫിക്കേഷൻ നേടിയിരിക്കണം.അതിനായി എല്ലാ ഉദ്യോഗസ്ഥർക്കും ILDM വഴി തസ്തികയനുസരിച്ചുള്ള ഡിജിറ്റൽ സർട്ടിഫിക്കേഷൻ നിർബന്ധമാക്കും.

- പരീക്ഷാ പരിഷ്കരണം: നിലവിലെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളിൽ സൈബർ നിയമങ്ങൾ, ബ്ലോക്ക്ചെയിൻ സംവിധാനങ്ങളുടെ നിയമപരമായ സാധുത എന്നിവ നിർബന്ധിത പരീക്ഷാ വിഷയങ്ങളാക്കും.

- ഓൺ ലൈൻ കോഴ്സ് : ജീവനക്കാർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് സൌകര്യമുള്ള സമയത്ത് തുടർ റവന്യൂ വിദ്യാഭാസം സാധ്യമാക്കുന്നതിന് വേണ്ടി ഓൺ ലൈൻ മൊഡ്യൂളുകളിൽ പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ലേർണിങ് മാനേജ്മെൻറ് സിസ്റ്റം (LMS) നടപ്പാക്കും.

ഡിജിറ്റൽ സാക്ഷരത ലഭിക്കുന്ന പൊതുജനങ്ങൾക്കും 100 ശതമാനം ജീവനക്കാർക്കും ഡിജിറ്റൽ കുറ്റകൃത്യങ്ങളെയും സൈബർ ഭീഷണികളെയും കുറിച്ച് അവബോധം നൽകി സുരക്ഷിതമായ ഓൺലൈൻ ഇടപാടുകൾ ഉറപ്പാക്കും.

വിഷൻ 2031 യാഥാർത്ഥ്യമാക്കാൻ ഭരണതലത്തിലും വലിയ മാറ്റങ്ങൾ ആവശ്യമാണ്. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾ ഒറ്റക്കെട്ടായി ഒരുമിച്ച് പ്രവർത്തിക്കണം. സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളിലും ജീവനക്കാർക്ക് ആധുനിക ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ (ETS, DGPS) സ്ഥാപിക്കുകയും അവയിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യും. ഈ ദർശന രേഖ പ്രാവർത്തികമാക്കുന്നതിലൂടെ, കേരളത്തിന്റെ റവന്യൂ ഭരണം രാജ്യത്തിനാകെ മാതൃകയായി മാറും. 2031-ൽ, ഓരോ കേരളീയനും തന്റെ ഭൂമിയുടെ അവകാശത്തെക്കുറിച്ച് പൂർണ്ണമായ ഉറപ്പും ആത്മവിശ്വാസവുമുള്ള ഒരു നവകേരളം നിർമ്മിക്കാവുന്നതാണ്.